ഉത്തരം

കാസർഗോഡ് ഒരു സപ്തസ്വരകേന്ദ്രം ആരംഭിക്കുന്നതിന് കേരള സംഗീത നാടക അക്കാദമി സർക്കാരിൽ പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്താനാവാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാനായിട്ടില്ല.

കരുമാടിക്കുട്ടൻ സ്മാരകം

103 (3071) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുമാടിക്കുട്ടൻ സ്മാരകം ആരുടെ നിർദ്ദേശപ്രകാരമാണ് പുനരുദ്ധരിച്ചത് ; പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായോ എന്നും എത്ര തുക അതിനായി ചെലവായിയെന്നും വ്യക്തമാക്കാമോ ;

(ബി) കരുമാടിക്കുട്ടൻ സ്മാരകവും പരിസരവും സൗന്ദര്യവത്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) കരുമാടിക്കുട്ടൻ സ്മാരകം കേരള പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകമായതിനാൽ പുരാവസ്തുവകുപ്പിന്റെ ചുമതലയിലും തനതു ഫണ്ട് ഉപയോഗിച്ചുമാണ് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുള്ളത്. പുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പദ്ധതികൾക്കായി 15.67 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കരുമാടിക്കുട്ടൻ സ്മാരകവും പരിസരവും സൗന്ദര്യവത്ക്കരിക്കുന്ന പദ്ധതി പുരാവസ്തു വകുപ്പിന്റെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

പൈതൃക നിർമ്മിതികൾ

104 (3072) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

'സംസ്ഥാനത്ത് അവശേഷിക്കുന്ന പൈതൃകനിർമ്മിതികളെ കണ്ടെത്തി സംരക്ഷിക്കുകയും വരുംതലമുറകൾക്ക് കൈമാറുകയും ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്'?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുന്ന പൈതൃക ശേഷിപ്പുകൾ അവയുടെ സവിശേഷതകൾ, പഴക്കം എന്നിവ കണക്കിലെടുത്ത് 1968-ലെ കേരള പ്രാചീന സ്മാരക പുരാവസ്തു സങ്കേത പുരാവശിഷ്ട ആക്ടിലെ നിബന്ധനകൾക്ക് വിധേയമായി സംരക്ഷിക്കുന്നു. പൈതൃക ശേഷിപ്പുകൾ കണ്ടെത്തുന്നതിനായി സർവ്വേയും പര്യവേക്ഷണ ഉത്ഖനന പ്രവർത്തനങ്ങളും പുരാവസ്തു വകുപ്പ് നടത്തുന്നുണ്ട്. പൈതൃക നിർമ്മിതികളുടെ ഘടനാപരമായ സംരക്ഷണവും രാസസംരക്ഷണ പ്രവർത്തനങ്ങളും മനുഷ്യവിഭവശേഷിയുടെയും ഫണ്ടിന്റെയും ലഭ്യതയനുസരിച്ച് ചെയ്തുവരുന്നു.

അവശ കലാകാരന്മാർക്ക് നൽകി വരുന്ന പെൻഷൻ

105 (3073) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആർ. രാജേഷ് :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശകലാകാരന്മാർക്ക് നൽകിവരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടെങ്കിൽ അവ എന്നത്തേക്കു പൂർണ്ണമായും വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ബി) അവശകലാകാരന്മാർക്ക് നൽകിവരുന്ന ഏതെങ്കിലും പെൻഷനുകൾ നിർത്തലാക്കാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) കലാകാരൻമാർക്ക് നൽകിവരുന്ന പെൻഷൻ വിതരണത്തിൽ കുടിശ്ശികയില്ല. എന്നാൽ സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ മുഖേന വിതരണം ചെയ്യുവരുന്ന 2654 ഗുണഭോക്താക്കളുടെ സംസ്ഥാന കലാകാരപെൻഷൻ, 2014 നവംബർ മുതൽ EMO (ഇലക്ട്രോണിക് മണി ഓർഡർ)-യിൽനിന്നും EBT (ഇലക്ട്രോണിക് ബെനിഫിറ്റ് ട്രാൻസ്ഫർ)-ലേക്ക് മാറ്റുകയുണ്ടായി. EBT-യിലേക്ക് മാറ്റുന്നതിനുള്ള രേഖകൾ യഥാസമയം സമർപ്പിക്കാത്ത 27 ഗുണഭോക്താക്കൾക്ക് 2014 നവംബർ മുതൽ പെൻഷൻ വിതരണം ചെയ്യിട്ടില്ല. ഈ 27 ഗുണഭോക്താക്കൾ രേഖകൾ സമർപ്പിക്കുന്ന മുറയ്ക്ക് അവർക്ക് കുടിശ്ശിക സഹിതം പെൻഷൻ അനുവദിക്കാൻ കഴിയും.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly